**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4478** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഗോത്രസാരഥി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഫണ്ട് അനുവദിച്ചിട്ടില്ലെന്ന കാരണത്താൽ ഗോത്രസാരഥി പദ്ധതിക്ക് പെരിങ്ങമ്മല പഞ്ചായത്തിൽ തടസ്സം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഗോത്രസാരഥി (വിദ്യാവാഹിനി) പദ്ധതി ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നതിനാൽ കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിനും കൊഴിഞ്ഞ് പോക്ക് ഇല്ലാതാക്കാനും 2022 ജൂൺ, ജൂലൈ മാസങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് നെടുമങ്ങാട് പ്രോജക്ട് ഓഫീസർ ഉൾപ്പെടെയുള്ള വകുപ്പിന്റെ ജില്ലാതല ഓഫീസർമാർക്ക് 2.38 കോടി രൂപ നടപ്പ സാമ്പത്തിക വർഷം അനുവദിച്ച നൽകി ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഗോത്രസാരഥി (വിദ്യാവാഹിനി) പദ്ധതി ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നതിനാൽ കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിനും കൊഴിഞ്ഞ് പോക്ക് ഇല്ലാതാക്കാനും 2022 ജൂൺ, ജൂലൈ മാസങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് നെടുമങ്ങാട് പ്രോജക്ട് ഓഫീസർ ഉൾപ്പെടെയുള്ള വകുപ്പിന്റെ ജില്ലാതല ഓഫീസർമാർക്ക് 2.38 കോടി രൂപ നടപ്പ സാമ്പത്തിക വർഷം അനുവദിച്ച നൽകി ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വാമനപുരം മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കാമോ; | (സി) | വാമനപുരം മണ്ഡലത്തിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, പുല്ലൻപാറ എന്നീ ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വിദ്യാർത്ഥികൾക്കായി പദ്ധതി നടപ്പിലാക്കുന്നു. |
| (ഡി) | വാമനപുരം മണ്ഡലത്തിൽ എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് | (ഡി) | വാമനപുരം മണ്ഡലത്തിൽ ആകെ 550 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗോത്രസാരഥി (വിദ്യാവാഹിനി) |

| | | | |
|---|---|---|---|
| | അറിയിക്കാമോ? | | പദ്ധതിയുടെ പ്രയോജനം ലഭിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ